ESTD:1976
കാരവൽ
1196 വൃശ്ചികം 4, 1442 റ.ആഖിർ 3, 2020 നവംബർ 19 വ്യാഴം

എന്തു വന്നാലും പഠിക്കാത്ത രാഷ്ട്രീയ പക്ഷങ്ങൾ

ഇടതു മുന്നണിയും അതിലെ പ്രധാന ഘടകകക്ഷികളും സംസ്ഥാനത്ത് ശക്തമായി നിലനിൽക്കണമെന്നു ക്ഷുഭിതരായ യുവജനങ്ങളും ധിക്കാരികളായ ജനങ്ങളും ഇന്നും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള ആഗ്രഹമോ വിചാരമോ ഒന്നും ആരും വച്ചു പുലർത്തേണ്ടെന്നു മുന്നണി ആവർത്തിച്ചു വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു.

അഴിമതി, മയക്കുമരുന്നു കച്ചവടം, കമ്മീഷൻ സംസ്ക്കാരം, കൊള്ള,തട്ടിപ്പ് തുടങ്ങി ജനങ്ങൾ കൊള്ളരുതാത്തതെന്നു കരുതുന്നതിനെല്ലാം എതിരെയുള്ള അന്വേഷണം ഇപ്പോൾ സംസ്ഥാന സർക്കാർ നേരിടുകയാണ്. അതിനിടയിൽ പാർട്ടിയുടെയും ഇടതുമുന്നണിയുടെയും സാരഥിയായ എ വിജയരാഘവന്റെ ഭാര്യയും ദേവസ്വം ബോഡിന്റെ തൃശ്ശൂർ കേരള വർമ്മ കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഹെഡ്ഡുമായ ആർ ബിന്ദുവിനെ കോളേജ് വൈസ് പ്രിൻസിപ്പലാക്കുകയും പ്രിൻസിപ്പലിന്റെ അധികാരം വിഭജിച്ചു നൽകുകയും ചെയ്തത് വിവാദത്തിനു മേൽ മറ്റൊരു വിവാദത്തിനു കൂടി വഴി വച്ചിരിക്കുന്നു. അതും വിജയരാഘവൻ പാർട്ടി നേതൃത്വം കൂടി ഏറ്റെടുത്തതിന് ഒപ്പം തന്നെ. വിവാദങ്ങൾക്കിടയിൽ ഒന്നോ, പത്തോ വിവാദങ്ങൾ കൂടി വന്നാലും അതിൽ വലിയ കാര്യമൊന്നുമില്ലെന്ന വിശേഷ ബുദ്ധിയായിരിക്കാം ഇത്തരം വിവാദങ്ങൾ വിളിച്ചുവരുത്തുന്നതിനു പിന്നിലെ ശക്തി സ്രോതസ്സെന്നേ കരുതാനാവൂ.

ഇടതു മുന്നണിയുടെയും സി പി എമ്മിന്റെയും സാരഥിയുടെ ഭാര്യയെ വൈസ് പ്രിൻസിപ്പലാക്കിയതും പ്രിൻസിപ്പലിന്റെ ചുമതല വിഭജിച്ചു നൽകിയതും പ്രിൻസിപ്പലിന്റെ ജോലിഭാരം കുറക്കാനായിരുന്നുവെന്നായിരുന്നു ദേവസ്വം ബോഡിന്റെ ആദ്യ പ്രതികരണം. എന്നാൽ അങ്ങനെ ചെയ്തതു പാർട്ടി പറഞ്ഞതിനാലാണെന്നു വ്യക്തമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കോളേജുകളിൽ വൈസ് പ്രിൻസിപ്പലിനെ നിർബന്ധമായും നിയമിക്കണമെന്നില്ല. നിയമിച്ചുകൂടെന്നുമില്ല. തൃശ്ശൂർ കേരളവർമ്മ കോളേജ് സ്ഥാപിച്ചിട്ടു 73 വർഷം കഴിഞ്ഞിട്ടും ഇവിടെ വൈസ് പ്രിൻസിപ്പൽ എന്ന തസ്തിക ഉണ്ടാക്കുകയോ, അത്തരത്തിൽ ഒരാളെ അവിടെ നിയമിക്കുകയോ ചെയ്തിട്ടില്ല. ഇപ്പോൾ ഒരാളെ നിയമിക്കണമെന്നു മാനേജ്മെന്റിനു തോന്നിയാൽ അതിൽ കുറ്റംപറയാനും ഒന്നുമുണ്ടാവില്ല. പക്ഷേ, കാര്യം അതല്ല. വൈസ് പ്രിൻസിപ്പലിനെ നിയമിക്കുക മാത്രമല്ല, പ്രിൻസിപ്പലിന്റെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രിൻസിപ്പലിൽ നിന്നു തട്ടിപ്പറിച്ച് വൈസ് പ്രിൻസിപ്പലിനു നൽകിയെന്നതാണ്. സ്വന്തം താൽപ്പര്യങ്ങൾക്കു വേണ്ടി ഏതു നിയമവും ചട്ടവും അട്ടിമറിക്കുമെന്നും അതിന് സി പി എമ്മും ഇടതു മുന്നണിയും ഏതറ്റംവരെ പോകുമെന്നും ഈ നിയമനം എടുത്തു കാട്ടുന്നു. സി പി എം നേതൃത്വത്തിലുള്ള കൊച്ചിൻ ദേവസ്വം ബോഡിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചു പ്രിൻസിപ്പൽ തൽസ്ഥാനം രാജിവച്ച് അതേ കോളേജിലെ അധ്യാപക തസ്തികയിലേക്കു സ്വയം മടങ്ങുകയും ചെയ്തു. കേരളത്തിൽ പ്രിൻസിപ്പലിന്റെ ചുമതല ഇന്നുവരെ ഒരു കോളേജിലും വൈസ് പ്രിൻസിപ്പലിനു വിഭജിച്ചു നൽകിയിട്ടില്ല. പ്രിൻസിപ്പലിന്റെ അസാന്നിധ്യത്തിൽ ആ ചുമതലകൾ നിർവഹിക്കാനുള്ള അധികാരം മാത്രമാണ് വൈസ് പ്രിൻസിപ്പലിനുള്ളത്. സി പി എം പ്രവർത്തകനും അവരുടെ കോളേജധ്യാപക സംഘടനാ നേതാവുമായിരുന്ന പ്രിൻസിപ്പലായിരുന്ന ജയദേവൻ. പ്രിൻസിപ്പൽ സ്ഥാനം ലഭിച്ചുടനെ ആ പദവിയോടും കോളേജിനോടും വിദ്യാർത്ഥികളോടും അധ്യാപകരോടും കൂറു പുലർത്തുന്നതിന് സർവ്വീസ് സംഘടനയിൽ നിന്ന് അദ്ദേഹം രാജിവച്ചു. ഇതിന്റെ മറവിൽ ആദ്യം എസ് എഫ് ഐയെക്കൊണ്ട് സമരം ചെയ്യിച്ചെങ്കിലും അതദ്ദേഹം അവഗണിച്ചു.

ഈ അവസരത്തിലാണ് ജയദേവന്റെ ചിറകരിഞ്ഞത്. ജയദേവന് ഇനി ഏഴുവർഷം കൂടി സർവ്വീസുണ്ട്. അത്രയും കാലം അദ്ദേഹം പ്രിൻസിപ്പലായി തുടർന്നാൽ അത്രയും കാലം സർവ്വീസില്ലാത്ത സി പി എം സംസ്ഥാന സെക്രട്ടറിയുടെ ഭാര്യക്ക് പ്രിൻസിപ്പലാകാതെ സർവ്വീസിൽ നിന്നു വിരമിക്കേണ്ടി വരുമെന്നതാണ് ഇതിനു പാർട്ടി നേതൃത്വത്തെ പ്രേരിപ്പിച്ച ഒരു ഘടകമെന്നു സംസാരമുണ്ട്.

മാത്രമല്ല, കോളേജിൽ കൂടുതൽ സൗകര്യമുണ്ടാക്കുന്നതിനു കിഫ്ബി 13കോടി രൂപയുടെ പദ്ധതി അവിടെ നടപ്പാക്കുന്നുമുണ്ട്. ഇതൊക്കെ കാരണം പ്രിൻസിപ്പലിനു ജോലി ഭാരം കൂടുമെന്ന ഉത്ക്കണ്ഠ കൂടി കണക്കാക്കിയാണ് പാർട്ടിയുടെയും ഇടതുമുന്നണിയുടെ സാരഥിയുടെ ഭാര്യക്കു പ്രിൻസിപ്പലിന്റെ ചുമതല വിഭജിച്ചു നൽകുകയും പ്രിൻസിപ്പലിനെ വൈസ് പ്രിൻസിപ്പലിന്റെ കീഴിലാക്കാൻ ശ്രമിച്ചതെന്നും സംസാരമുണ്ട്. കൊച്ചിരാജാവായിരുന്ന കേരളവർമ്മ 1947ൽ സ്ഥാപിച്ച കോളേജാണിത്.

എന്നാൽ ഇത് ശക്തമായൊരു എതിർപക്ഷം സ്വപ്നം കാണുന്നവരെ നിരാശപ്പെടുത്തുന്ന നടപടി ആയിപ്പോയിരിക്കുകയാണ്. മാത്രമല്ല, നേരിനു വേണ്ടിയുള്ള പ്രതിഷേധ ശേഷി സമൂഹത്തിൽ ഇല്ലാതാക്കാനും യുവാക്കളെ നിഷ്ക്രിയരാക്കാനും ലഹരിക്കും മയക്കുമരുന്നുകൾക്കും അടിമകളാക്കാനും ഇത്തരം നടപടികൾ വലിയ പ്രോത്സാഹനമാവുകയും ചെയ്യുന്നു.



അവഗണനകൾ വെളിപ്പെടുത്തി തപ്സി പന്നു

ചലച്ചിത്ര ലോകത്ത് ചുവടുറപ്പിക്കുന്ന സമയത്ത് തനിക്ക് നേരിടേണ്ടി വന്ന അവഗണനകളെപ്പറ്റി എന്നും തുറന്ന് സംസാരിക്കുന്ന നടിയാണ് തപ്സി പന്നു.

മുമ്പ് ബോളിവുഡിലെ താരങ്ങളുടെ മക്കൾക്കുവേണ്ടി തന്നെ പല ചിത്രങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് അവർ വെളിപ്പെടുത്തിയിരുന്നു. ഇപ്പോഴിതാ ബോളിവുഡിൽ തനിക്കുണ്ടായ മറ്റൊരു അവഗണന കൂടി പങ്കുവെച്ച് രംഗത്തെത്തിയിരിക്കുകയാണ് അവർ.

വളരെ വിചിത്രമായ കാരണം പറഞ്ഞാണ് ബോളിവുഡിലെ ഒരു ചിത്രത്തിൽ നിന്നും തന്നെ മാറ്റിയതെന്നാണ് തപ്സി പറയുന്നത്. ചിത്രത്തിലെ നായകന്റെ ഭാര്യയ്ക്ക് താൻ ആ ചിത്രത്തിൽ അഭിനയിക്കുന്നത് ഇഷ്ടമല്ലെന്ന് പറഞ്ഞതിന്റെ പേരിലാണ് തന്നെ മാറ്റി പകരം ആ വേഷം മറ്റൊരു നടിയ്ക്ക് കൊടുത്തത്.തുടക്കക്കാലത്ത് വളരെ വിചിത്രമായ അനുഭവങ്ങളാണ് സിനിമയിൽ നിന്ന് എനിക്കുണ്ടായത്. ഞാൻ സുന്ദരിയല്ല, കാണാൻ കൊള്ളില്ല എന്നൊക്കെയായിരുന്നു ആദ്യം പറഞ്ഞിരുന്നത്. ഒരു ചിത്രത്തിൽ നായകന്റെ ഭാര്യയ്ക്ക് എന്നെ ഇഷ്ടപ്പെടാത്തതിന്റെ പേരിൽ അവഗണന നേരിട്ടുണ്ട്. അതിന്റെ പേരിൽ എന്നെ ചിത്രത്തിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്. ഒരിക്കൽ ഒരു ചിത്രത്തിൽ ഞാൻ ഡബ്ബ് ചെയ്തുകൊണ്ടിരിക്കെയായിരുന്നു. ആ സമയത്ത് ചിത്രത്തിന്റെ അണിയറ പ്രവർത്തകരിലൊരാൾ എന്നോട് ഇപ്പോൾ ഡബ്ബ് ചെയ്ത ഡയലോഗ് മാറ്റണം എന്നുപറഞ്ഞു. കാര്യം തിരക്കിയപ്പോൾ, ആ ഡയലോഗ് നായകന് ഇഷ്ടപ്പെട്ടില്ല അതുകൊണ്ട് മാറ്റണമെന്നായിരുന്നു പറഞ്ഞത്. ഞാൻ മാറ്റില്ല എന്ന് പറഞ്ഞു. എന്നാൽ ആ ഭാഗം വേറെ ആളെ വെച്ച് അവർ ഡബ്ബ് ചെയ്ത് കൂട്ടിച്ചേർത്തു, തപ്സി പറഞ്ഞു.

മറ്റൊരു സമയത്ത് ചിത്രത്തിലെ അണിയറ പ്രവർത്തകർ എന്നോട് പ്രതിഫലം കുറയ്ക്കണം എന്നുപറഞ്ഞു. എന്തിനാണ് എന്റേത് മാത്രം കുറയ്ക്കുന്നത് എന്ന് ചോദിച്ചപ്പോൾ, ഹീറോയുടെ മുമ്പത്തെ പടം അത്ര ഓടിയില്ല. സാമ്പത്തിക ഞെരുക്കത്തിലാണ്. അതുകൊണ്ട് നായികയായ എന്റെ പ്രതിഫലം കുറയ്ക്കണമെന്നായിരുന്നു മറുപടി. മറ്റൊരു ചിത്രത്തിൽ എന്റെ ഇൻട്രൊഡക്ഷൻ സീൻ പൂർണ്ണമായി മാറ്റിയിട്ടുണ്ട്. നായികയ്ക്ക് തന്നെക്കാൾ പ്രാധാന്യമുള്ള സീൻ വേണ്ടെന്ന് ആ ചിത്രത്തിലെ നായകൻ സംവിധായകന് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ പേരിലാണ് തന്റെ സീൻ വെട്ടിച്ചുരുക്കിയത്, തപ്സി പറഞ്ഞു.

• • • • • • • • • • • • • • • • • • • •

ബിലാലിനെക്കുറിച്ച് മംമ്ത മോഹൻദാസ്

മലയാളി സിനിമാപ്രേമികളും മമ്മൂട്ടി ആരാധകരും ഒരുപോലെ കാത്തിരിക്കുന്ന ചിത്രമാണ് ബിലാൽ. മാർച്ചിൽ ചിത്രീകരണം തുടങ്ങേണ്ട ചിത്രം ലോക്ക് ഡൗണിനെ തുടർന്ന് നീണ്ടുപോവുകയായിരുന്നു.

അമൽ നീരദ് സംവിധാനം ചെയ്ത ബിഗ് ബി സിനിമയുടെ രണ്ടാം ഭാഗമാണ് ബിലാൽ. മമ്മൂട്ടിയ്ക്കൊപ്പം മനോജ് കെ. ജയൻ, ബാല, മംമ്ത മോഹൻദാസ്, പശുപതി, വിജയരാഘവൻ, ജാഫർ ഇടുക്കി, ലെന, ഇന്നസെന്റ്, വിനായകൻ എന്നിവർ അഭിനയിച്ച ചിത്രത്തിന്റെ രണ്ടാം ഭാഗം വരുന്നുവെന്ന വാർത്ത ആവേശത്തോടെയാണ് ആരാധകർ സ്വീകരിച്ചത്. കൊവിഡും ലോക്ക് ഡൗണും ആയതോടെ ചിത്രത്തിന്റെ ഷൂട്ടിംഗ് മുടങ്ങി. എന്നാൽ മമ്മൂട്ടി ഫ്രീ ആകുന്ന മുറയ്ക്ക് ബിലാൽ ഷൂട്ടിംഗ് ആരംഭിക്കുമെന്ന് പറയുകയാണ് നടി മംമ്ത മോഹൻദാസ്. ഡ്യൂൾന്യൂസിന് നൽകിയ അഭിമുഖത്തിലായിരുന്നു മംമ്തയുടെ പ്രതികരണം.



മമ്മൂക്ക എപ്പോൾ ഫ്രീ ആകുന്നോ അപ്പോൾ ബിലാൽ ആരംഭിക്കും. അതേ ടൈം പീരിഡിൽ തന്നെയാണ് സിനിമ നടക്കുന്നത്. പതിമൂന്ന് വർഷങ്ങൾക്ക് ശേഷമുള്ള കുരിശിങ്കൽ ഫാമിലിയുടെ കഥയാണിത്.

ലേഡി സൂപ്പർസ്റ്റാറല്ല, സൂപ്പർസ്റ്റാർ തന്നെയാണ് നയൻതാര

ആറം സിനിമയുടെ പ്രചരണാർത്ഥം ചെന്നൈയിൽ എത്തിയ നയൻതാരയെ ആരാധകർ വരവേറ്റത് എങ്കൾ തലൈവി നയൻതാര എന്ന ആർപ്പുവിളിയോട് കൂടിയായിരുന്നു. തലൈവരും, ദളപതിയും അരങ്ങ് തകർക്കുന്ന തമിഴ് ഇൻഡസ്ട്രിയിൽ പുരുഷ കേന്ദ്രീകൃതമായ താരപ്രഭയ്ക്കൊപ്പം ഒറ്റ ദിവസത്തിൽ സംഭവിച്ച മായാജാലവിദ്യ ആയിരുന്നില്ല ആ വരവേൽപ്പ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനോട് അടുത്ത് തെന്നിന്ത്യൻ സിനിമയിൽ പല ഘട്ടങ്ങൾ കടന്ന് തന്റേതായ ഇടം ഉറപ്പിച്ച് എടുത്ത, അങ്ങനെ ഒരു സ്പെയ്സ് സൃഷ്ടിച്ചെടുത്ത ഒരു സ്ത്രീ അർഹിക്കുന്ന അംഗീകാരം കൂടിയാണത്.നായികയെ നായകനൊപ്പം ആടിപ്പാടാനും പ്രണയ രംഗങ്ങളിൽ, റൊമാന്റിക് സീനിൽ പുട്ടിന് പീര പോലെ ഉപയോഗിച്ച് പോരുന്ന ഇൻഡസ്ട്രിയിൽ തന്നെയാണ് നയൻതാര പലപ്പോഴും നായക പ്രാധാന്യം ഒക്കെ കാറ്റിൽ പറത്തി ഒന്നിന് പുറകെ ഒന്നായി സിനിമകൾ ഇറക്കി തരംഗം സൃഷ്ടിക്കുന്നത്.പുരുഷ കേന്ദ്രീകൃതമായ നായക പ്രാധാന്യം ഇല്ലാതെ തന്നെ സിനിമകൾ സാധ്യമാണെന്ന് കാണിച്ചു തരുന്നതാണ് അടുത്ത കാലത്ത് ഇറങ്ങിയ നയൻതാരയുടെ ഒട്ടുമിക്ക ചിത്രങ്ങളുംഇത്തരത്തിൽ കരുത്തുറ്റ കഥാപാത്രങ്ങളിലൂടെ അവർ ഉറപ്പിച്ച് പോകുന്ന സ്റ്റാർഡവും, വേറിട്ട സമീപനവും, ഇൻഡസ്ട്രിയിൽ വരുത്തുന്ന മാറ്റവും സമകാലീനർക്കും, വരാനിരിക്കുന്ന ആളുകൾക്കും നൽകുന്ന ആത്മവിശ്വാസം ചെറുതല്ല.അപ്പോഴും നയൻതാരയുടെ കാര്യത്തിൽ, ചില ഘട്ടങ്ങളിൽ ഇതിൽ നിന്ന് വ്യതിചലിച്ച് പുരുഷ കേന്ദ്രീകൃത, താരപ്രഭയ്ക്ക് ചുറ്റും വലംവെക്കുന്ന വാണിജ്യ സിനിമയോട് അവർക്ക് കോംപ്രമൈസ് ചെയ്യേണ്ടി വരുന്നു. അത്തരം സിനിമളുടെ ഭാഗമാകേണ്ടി വരുന്നു എന്ന വസ്തുത കൂടിയുണ്ട്.തമിഴ് നടൻ രാധാ രവി ഒരു പൊതുവേദിയിൽ നയൻതാരയെ കുറിച്ച് നടത്തിയൊരു വിവാദ പ്രസ്താവനയിൽ പറഞ്ഞൊരു കാര്യം ഇങ്ങനെയാണ്,നയൻതാരയെ ലേഡി സൂപ്പർസ്റ്റാർ എന്ന് വിളിക്കേണ്ട കാര്യമില്ല അത്തരം വിശേഷണം ശിവാജി ഗണേശനേയും, എം.ജി.ആറിനേയും പോലുള്ളവർക്കേ ചേരുകയുള്ളു, പുരട്ചി തലൈവരും നടികർ തിലകവും, ഒക്കെ ഇതിഹാസങ്ങളാണെന്ന്.

മതങ്ങളുടെ പൊരുൾ തേടി ഒരു തീർത്ഥയാത്ര



ഷിർദ്ദി സായിബാബ

സായിബാബ (ഷിർദ്ദി) ഷിർദ്ദി സായിബാബ എന്നു പരക്കെ അറിയപ്പെടുന്നു. ഒരു ഇന്ത്യൻ ആദ്ധ്യാത്മിക ഗുരുവായിരുന്നു അദ്ദേഹം. ഭക്തൻമാർക്കിടയിൽ അദ്ദേഹം സന്ന്യാസി, ഫക്കീർ, സദ്ഗുരു എന്നീ നിലയിലൊക്കെ അറിയപ്പെടുന്നു. അദ്ദേഹം ഒരു ഹിന്ദുമത വിശ്വാസിയായിരുന്നോ? ഇസ്ലാം മത വിശ്വാസിയായിരുന്നോ? എന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ഭക്തന്മാർക്കിടയിൽ അനിശ്ചിതത്വം നിലനിന്നിരുന്നു. ഹിന്ദുമത വിശ്വാസിയാണെന്നു വിചാരിച്ചാൽ അദ്ദേഹം ഇസ്ലാംമത വിശ്വാസിയെപ്പോലെ പെരുമാറിയിരുന്നുവെന്നും പറയപ്പെടുന്നു. അതുപോലെ ഇസ്ലാംമത വിശ്വാസിയാണെന്നു വിചാരിച്ചാൽ അദ്ദേഹം ഒരു ഹിന്ദുമത വിശ്വാസിയെപ്പോലെ പെരുമാറുമായിരുന്നു. ഹിന്ദുമതവും ഇസ്ലാം മതവും സംയോജിപ്പിച്ച നിലയിലുള്ള പ്രബോധനങ്ങളായിരുന്നു പ്രധാനമായി അദ്ദേഹം നടത്തിയിരുന്നത്. അദ്ദേഹം ജീവിച്ചിരുന്ന മസ്ജിദിന് അദ്ദേഹം നൽകിയുന്ന പേര് ദ്വാരകാമയി എന്നായിരുന്നു. രണ്ടു മതത്തിലേയും അനുഷ്ഠാനങ്ങൾ ഒരു പോലെ അദ്ദേഹം നിർവ്വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ആപ്തവാക്യം "സബ്കാ മാലിക് ഏക് ഹൈ" എന്നായിരുന്നു. അദ്ദേഹം എപ്പോഴും മന്ത്രിച്ചിരുന്നത് "അല്ലാ മാലിക്" എന്ന വചനമായിരുന്നു.

ആദ്യകാലജീവിതം

ഏകദേശം 16 വയസ്സ് പ്രായമുള്ളപ്പോൾ അക്കാലത്തെ ഷിർദ്ദി ഗ്രാമത്തിലെ ഒരു വേപ്പു മരച്ചുവട്ടിലാണ് ബാബ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം എവിടെ നിന്നു വന്നുവെന്നോ എങ്ങനെ അവിടെയെത്തിയെന്നോ, അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആരെന്നുള്ള കാര്യങ്ങളിലൊന്നു ആർക്കും ഒരു തീർച്ചയുമില്ലായിരുന്നു. അദ്ദേഹത്തിൽ നിന്ന് ഇക്കാര്യങ്ങളിലൊന്നും വ്യക്തമായ ഉത്തരം ആർക്കും ലഭിച്ചിരുന്നുമില്ല. അദ്ദേഹം ഷിർദ്ദി ഗ്രാമത്തിൽ എത്തിയ കാലത്ത് ആരോടും അടുപ്പം പുലർത്തിയിരുന്നില്ല. ഏകനായി കടുത്ത വേനലിലും കൊടുംതണുപ്പിലും ഗ്രാമത്തിലെ വേപ്പുമരച്ചുവട്ടിൽ ധ്യാനം ചെയ്തുകൊണ്ടിരിക്കുകയും സമീപത്തെ മസ്ജിദിൽ രാത്രി കഴിച്ചു കൂട്ടുകയും ചെയ്തു. ബാബയുടെ വസ്ത്രധാരണ രീതി ഒരു കായികാഭ്യാസിയെപ്പോലെയായിരുന്നു. ഒറ്റമുണ്ടും ഉടുപ്പും ധരിച്ച അദ്ദേഹം ഒരു വെളുത്ത തുണി എല്ലായ്പ്പോഴും തലയിൽ കെട്ടിയിരുന്നു. അദ്ദേഹം ഏതു മതവിശ്വാസിയാണോ എന്നു ഗ്രാമവാസികൾക്കു നല്ല തീർച്ചയില്ലായിരുന്നു. ചിലസമയം ഇസ്ലാം മത വിശ്വാസിയെപ്പോലെ പെരുമാറുന്ന അദ്ദേഹം ചിലപ്പോൾ ഒരു ഹൈന്ദവ മത വിശ്വാസിയെപ്പോലെയും തോന്നിച്ചിരുന്നു.

'ബാബയുടെ രണ്ടാം വരവ്'

ഏകദേശം മൂന്നു വർഷക്കാലത്തോളം വേപ്പു മരച്ചുവട്ടിലെ ധ്യാനവും മസ്ജിദിലെ ജീവിതവും തുടർന്ന ചെയ്ത ശേഷം ബാബ ഒരു ദിവസം അവിടെ നിന്ന് പെട്ടെന്ന് അപ്രത്യക്ഷനായി. അദ്ദേഹം എങ്ങോട്ടു പോയെന്ന് ഗ്രാമവാസികൾക്ക് ഒരു വിവരവുമില്ലായിരുന്നു. ഏറെക്കാലങ്ങൾക്കു ശേഷം ബാബയെ ഔറംഗാബാദിലെ നിബിഢ വനത്തിൽ ആളുകൾ കണ്ടെത്തി. അക്കാലത്ത് ധൂപ്ഖഡേ എന്ന ഗ്രാമത്തിന്റെ മുഖ്യനായിരുന്ന ചാന്ദ്ഭായിക്ക് തന്റെ കുതിരയെ നഷ്ടപ്പെടുകയും ഗ്രാമത്തിലും സമീപഗ്രാമങ്ങളിലും അന്വേഷിച്ചു നടന്നിട്ടും കണ്ടെത്താൻ സാധിക്കാതെ വരുകയും ചെയ്തു. അന്വേഷണത്തിന്റെ ഭാഗമായി അയാൾ ഗ്രാമത്തിനു സമീപത്തെ നിബിഢ വനത്തിലെത്തുകയും അവിടെ ഒരു മരച്ചുവട്ടിൽ ഒരാൾ തപസ്സു ചെയ്യുന്നത കാണുകയും ചെയ്തു. നടന്നവശനായി എത്തിയ ചാന്ദ്ഭായിയെ ബാബ വിശ്രമിക്കാൻ ക്ഷണിക്കുകയും എന്താണു ഈ കൊടുംകാട്ടിൽ തെരയുന്നതെന്ന് ആരായുകയും ചെയ്തു. തന്റെ ആഗമനോദ്ദേശ്യം അദ്ദേഹം അറിയിച്ചു. ഗ്രാമത്തലവനോട് ഉയരമുള്ള ഒരു മരത്തിനു മുകളിൽ കയറി നിരീക്ഷിക്കുവാൻ ബാബ ആവശ്യപ്പെട്ടു. അങ്ങനെ നോക്കവേ അകലെ പുൽത്തകിടിയിൽ മേയുന്ന കുതിരയെ അയാൾക്കു കണ്ടെത്താനായി. ഈ ദിവ്യൻ സാധാരണക്കാരനല്ലെന്നു മനസ്സിലാക്കിയ ഗ്രാമമുഖ്യൻ ദിവ്യസന്യാസിയെ തന്റെ ഗ്രാമമായ ധൂപ്ഖഡെയിലേയ്ക്കു ക്ഷണിക്കുകയും കുറേ ദിവസം തന്റെ വീട്ടിൽ അതിഥിയായി താമസിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഗ്രാമമുഖ്യന്റെ ക്ഷണം സ്വീകരിച്ച ബാബ ധൂപ്ഖഡെ ഗ്രാമത്തിലെത്തിയപ്പോൾ അവിടെ ഒരു വിവാഹാഘോഷം നടക്കുകയായിരുന്നു. ഗ്രാമമുഖ്യന്റെ ബന്ധുവിന്റെ വിവാഹത്തിനുള്ള ഒരുക്കങ്ങളാണ് ഗ്രാമത്തിൽ നടന്നുകൊണ്ടിരുന്നത്. വധുവിന്റെ ഗൃഹം ഷിർദ്ദി ഗ്രാമത്തിലാണെന്നും ബാബ വിവാഹത്തിൽ പങ്കെടുക്കണമെന്നുമുള്ള അഭ്യർത്ഥന മാനിച്ച ബാബ വിവാഹ സംഘത്തോടൊപ്പം നാളുകൾക്കു ശേഷം ഷിർദ്ദി ഗ്രാമത്തിലെത്തിച്ചേർന്നു. വിവാഹാഘോഷങ്ങൾക്കു ശേഷം ചാന്ദ്ഭായിയും അനുയായികളും തങ്ങളുടെ ഗ്രാമത്തിലേയ്ക്കു തിരിച്ചു പോയി. പക്ഷേ ബാബ ഷിർദ്ദി ഗ്രാമത്തിൽത്തന്നെ തുടർന്നു. ബാബ നേരത്തേ ധ്യാനം നടത്തിയിരുന്ന വേപ്പുമരച്ചുവട്ടിലും സമീപത്തെ മസ്ജിദിലുമായി ജീവിതം തുടർന്നു.

> ഭക്തൻമാർക്കിടയിൽ അദ്ദേഹം സന്ന്യാസി, ഫക്കീർ, സദ്ഗുരു എന്നീ നിലയിലൊക്കെ അറിയപ്പെടുന്നു. അദ്ദേഹം ഒരു ഹിന്ദുമത വിശ്വാസിയായിരുന്നോ? ഇസ്ലാം മത വിശ്വാസിയായിരുന്നോ? എന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ഭക്തന്മാർക്കിടയിൽ അനിശ്ചിതത്വം നിലനിന്നിരുന്നു. ഹിന്ദുമത വിശ്വാസിയാണെന്നു വിചാരിച്ചാൽ അദ്ദേഹം ഇസ്ലാംമത വിശ്വാസിയെപ്പോലെ പെരുമാറിയിരുന്നുവെന്നും പറയപ്പെടുന്നു. അതുപോലെ ഇസ്ലാംമത വിശ്വാസിയാണെന്നു വിചാരിച്ചാൽ അദ്ദേഹം ഒരു ഹിന്ദുമത വിശ്വാസിയെപ്പോലെ പെരുമാറുമായിരുന്നു. ഹിന്ദുമതവും ഇസ്ലാംമതവും സംയോജിപ്പിച്ച നിലയിലുള്ള പ്രബോധനങ്ങളായിരുന്നു പ്രധാനമായി അദ്ദേഹം നടത്തിയിരുന്നത്.

ഇക്കാലത്ത് ഷിർദ്ദി ഗ്രാമത്തിൽ ജീവിച്ചിരുന്ന മൊയ്തീൻ എന്ന ഗുസ്തിക്കാരൻ ബാബയുമായി ഒരു ഗുസ്തി മത്സരത്തിലേർപ്പെട്ടു. ഈ മത്സരത്തിൽ പരാജിതനായതോടെ ബാബ തന്റെ ജീവിത ശൈലിയിൽ കാര്യമായ മാറ്റം വരുത്തി. ഗുസ്തിക്കാർ അരയിൽ ധരിക്കുന്ന വസ്ത്രവും നീളൻ കുപ്പായവും മാത്രമായിരുന്നു ബാബയുടെ വേഷം. ഉറക്കം തറയിൽ വിരിച്ച കീറിയ ചാക്കിൻ കഷണങ്ങളിലായിരുന്നു. തലയിൽ വെളുത്ത തുണി കെട്ടുവാൻ തുടങ്ങി. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു നടന്ന ബാബയെക്ക ഗ്രാമവാസികൾക്ക് ഇതു ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും ദാരിദ്ര്യം രാജപദവിയേക്കാൾ ശ്രേഷ്ഠമാണ്, ദൈവം ദരിദ്രന്മാർക്കൊപ്പമാണെന്നു പറഞ്ഞ് ബാബ അവരെ ആശ്വസിപ്പിച്ചു. ഗ്രാമത്തിലെ കടകളിൽ നിന്നു വാങ്ങുന്ന എണ്ണ ഉപയോഗിച്ച് ബാബ ആ പ്രദേശത്തെ ക്ഷേത്രങ്ങളിലും പള്ളികളിലും വിളക്കു കത്തിക്കാറുണ്ടായിരുന്നു. വിളക്കുകൾ കൊളുത്തുന്നത് അദ്ദേഹത്തിന് സന്തോഷം നൽകിയിരുന്നു. ഒരിക്കൽ കടക്കാരൻ അദ്ദേഹത്തിന് എണ്ണകൊടുക്കാൻ മടിക്കുകയും ബാബ നിരാശനാകാതെ മസ്ജിദിലേയ്ക്കു തിരിച്ചു പോകുകയും വിളക്കുകളിൽ തിരിയിട്ട് എണ്ണ ഒഴിച്ചു വച്ചിരുന്ന കാലിപ്പാത്രത്തിൽ വെള്ളം ഒഴിച്ചു കഴുകുകയും ആ വെള്ളം എല്ലാ വിളക്കുകളിലും നിറയ്ക്കുകയും തിരി കത്തിക്കുകയും ചെയ്തു. ഉജ്ജ്വല ശോഭയോടെ തിരി രാത്രി മുഴുവൻ പ്രഭ പടർത്തി. ഈ കാഴ്ച്ച കാണാനിടവന്ന കടക്കാരൻ തന്റെ പ്രവൃത്തിയിൽ പശ്ചാത്തപിക്കുകയും ബാബയുടെ അടുത്തു പോയി തനിക്കു മാപ്പു നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തു. എല്ലായ്പ്പോഴും സത്യവാനും നീതിമാനുമായിരിക്കാൻ ബാബ അയാളെ ഉപദേശിച്ചു.

ബാബയുടെ സമാധി

1918 സെപ്റ്റംബർ മാസം 28 ന് ബാബയ്ക്ക് ജ്വരം ബാധിക്കുകയും രണ്ടു ദിവസം നീണ്ടു നിന്ന അസുഖത്തിന്റെ സമയത്ത് അദ്ദേഹം ഭക്ഷണ പാനീയങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കുകയും വിജയദശമി ദിവസം മഹാസമാധിയാകുകയും ചെയ്തു. രാമനവമി (ഏപ്രിൽ), ഗുരുപൂർണ്ണിമ (ജൂലൈ), വിജയദശമി (ഒക്ടോബർ) എന്നിവയാണ് സായിബാബ ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങൾ. ഷിർദ്ദിയിൽ താമസിക്കുന്ന കാലത്ത് തണുപ്പുകാലങ്ങളിൽ ബാബ കാട്ടു കമ്പുകൾ കൂട്ടിയിട്ടു തീ കായുമായിരുന്നു. തന്നെ സന്ദർശിക്കാനെത്തുന്നവർക്ക് ബാബ ഇതിൽ നിന്നുള്ള ചാരം പ്രസാദമായി നൽകുകയും ചെയ്തിരുന്നു.

തീർത്ഥാടനം

ഇന്ത്യയിലെ ആത്മീയ ഗുരുവായി അറിയപ്പെടുന്ന സായി ബാബ ക്ഷേത്രത്തിലേയ്ക്കുള്ള തീർത്ഥാടകരുടെ ആത്മീയ യാത്രാ സൗകര്യം വിപുലീകരിക്കുന്നതിനായി മഹാരാഷ്ട്ര ഗവൺമെന്റ് ഏകദേശം 340 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 80,000 ഭക്തർ ഇവിടം സന്ദർശിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഏതാണ്ട് 5 ലക്ഷം പേർ ആഴ്ചയവസാനവും, അവധിക്കാലങ്ങളിലും ഉത്സവകാലങ്ങളിലുമായി ഇവിടം സന്ദർശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഷിർദ്ദി വിമാനത്താവളം വഴിയും ഷിർദ്ദിയിൽ നിന്ന് 125 കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന ഔറംഗാബാദ് വിമാനത്താവളം വഴിയും സായിനഗർ ഷിർദ്ദി റെയിൽവേസ്റ്റേഷൻ വഴിയും ആണ് ഭൂരിപക്ഷം തീർത്ഥാടകരുമെത്തുന്നത്.